**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **13-02-2025 - ൽ മറുപടിയ്ക്ക്**

**യു ജി സി മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ എം എസ് അരുൺ കുമാർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെ ഫെഡറൽ സർക്കാരുകളുടെ അധികാരങ്ങളിൽ കടന്നു കയറുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനങ്ങളെ ലക്ഷ്യമിട്ട് യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | (എ) | **ഭരണഘടനയുടെ അന്ത:സത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യതയ്ക്ക് വലിയ പ്രാധാന്യം നൽകാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ യു.ജി.സി കരട് മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21.01.2025 ന് കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിൽ അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്.<br><br>യു.ജി.സി കരട് റെഗുലേഷൻ 2025 ലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രൊഫസർ പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റി, പ്രാഥമിക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് റഗുലേഷൻ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03.02.2025- ാം തീയതി കേന്ദ്ര സർക്കാരിനേയും യു.ജി.സി യെയും അറിയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത കരട് മാർഗനിർദേശങ്ങളെക്കുറിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 20.02.2025 ന് ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത** |

| | | | |
|---|---|---|---|
| | | | കൺവെൻഷനിൽ മറ്റ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ മന്ത്രിമാരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ജനപ്രതിനിധികളും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രതിനിധികളും ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രതിനിധികളും പ്രസ്തുത കൺവെഷനിൽ പങ്കെടുക്കുന്നതാണ്. |
| (ബി) | ഇതിന്റെ ഭാഗമായി മറ്റ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരെയടക്കം പങ്കെടുപ്പിച്ച കൊണ്ട് വിപുലമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഭരണഘടനയുടെ അന്ത:സത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യതയ്ക്ക് വലിയ പ്രാധാന്യം നൽകാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ യു.ജി.സി കരട് മാർഗ്ഗനിർദ്ദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21.01.2025 ന് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിൽ അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്.<br><br>യു.ജി.സി കരട് റെഗുലേഷൻ 2025 ലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രൊഫസർ പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റി, പ്രാഥമിക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് റഗുലേഷൻ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03.02.2025- ാം തീയതി കേന്ദ്ര സർക്കാരിനേയും യു.ജി.സി യെയും അറിയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത കരട് മാർഗനിർദേശങ്ങളെക്കുറിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 20.02.2025 ന് ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കൺവെൻഷനിൽ മറ്റ സംസ്ഥാനങ്ങളിൽ നിന്നുള്ള വിദ്യാഭ്യാസ മന്ത്രിമാരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ജനപ്രതിനിധികളും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രതിനിധികളും ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ |

| | | | |
|---|---|---|---|
| | | | **സ്ഥാപനങ്ങളുടെയും പ്രതിനിധികളും പ്രസ്തുത കൺവെഷനിൽ പങ്കെടുക്കുന്നതാണ്.** |
| (സി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | **ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗ്ഗനിർദ്ദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ